## 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്റ്റ് കമ്മിറ്റി

## ചോദ്യാവലി

1. 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണോ? എന്തെങ്കിലും ഒഴിവാക്കൽ/കൂട്ടിചേർക്കൽ ആവശ്യമാണോ?

2. ബില്ലിന്റെ 2-ാം ഖണ്ഡത്തിലെ നിർവ്വചനങ്ങളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

3. ബില്ലിന്റെ 4-ാം ഖണ്ഡത്തിലെ ( പ്രധാന ആക്റ്റിന്റെ 7-ാം വകുപ്പിന്റെ ഭേദഗതി ) ***രജിസ്റ്റർചെയ്യൽ*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

4. ബില്ലിന്റെ 5-ാം ഖണ്ഡത്തിലെ ( പ്രധാന ആക്റ്റിന്റെ 8 എ വകുപ്പിന്റെ ഭേദഗതി) ***അപെക്സ് സംഘത്തോട് അഫിലിയേറ്റ് ചെയ്യൽ*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

5. ബില്ലിന്റെ 6-ാം ഖണ്ഡത്തിലെ ( പ്രധാന ആക്റ്റിന്റെ 13 എ വകുപ്പിന്റെ ഭേദഗതി) ***ഉപനിയമങ്ങളിലെ വിഷയം*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

6. ബില്ലിന്റെ 8--ാം ഖണ്ഡത്തിലെ വ്യവസ്ഥകളിൽ ( പ്രധാന ആക്റ്റിന്റെ 14 എഎ വകുപ്പിന്റെ 3-ാം ഉപവകുപ്പിന് ശേഷം ചേർക്കുന്ന ഉപവകുപ്പുകൾ)

i) 4-ാം ഉപവകുപ്പിലെ അനുബന്ധസ്ഥാപനങ്ങളിലെ ഓഹരിമൂലധനം, സംtata elxsi ഘത്തിന്റെ അറ്റാദായത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്ന വ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. ?

ii) 5-ാം ഉപവകുപ്പിലെ സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിച്ച ഏതൊരു സംഘവും അനുബന്ധസ്ഥാപനങ്ങ1ളിലെ ഡയറക്ടർ ബോർഡിൽ കേരളാ സർക്കാരിന്റെ നോമിനികളെ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. ?

iii) 7-ാം ഉപവകുപ്പിലെസംഘം/ബാങ്കിൽ നിന്നും അനുബന്ധസ്ഥാപനങ്ങൾക്ക് ഏതെങ്കിലും ഓഹരി മൂലധന വിഹിതമോ സാമ്പത്തിക സഹായമോ നൽകുന്നത്, ബന്ധപ്പെട്ട സംഘം/ ബാങ്കിന്റെ പൊതുയോഗം പാസ്സാക്കിയ പ്രമേയം പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ ആയിരിക്കേണ്ടതാണെന്നവ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. ?

iV) ഹോൾഡിംഗ് സൊസൈറ്റി അതിന്റെ അനുബന്ധസ്ഥാപനങ്ങൾക്ക് ഫണ്ട് കൈമാറുന്നതും സ്വത്തുക്കൾ പാട്ടത്തിന് /വാടയ്ക്ക് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക. ?

7) ബില്ലിലെ 9–ാം ഖണ്ഡത്തിലെ (പ്രധാന ആക്റ്റിലെ 14 ബി വകുപ്പിന്റെ ഭേദഗതി) ***സഹകരണ സംഘങ്ങളുടെ പങ്കാളിത്തം*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിച്ച ഭേദഗതിയിൽ ഏതെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

8) ബില്ലിലെ 12–ാം ഖണ്ഡത്തിലെ (പ്രധാന ആക്റ്റിലെ 19–ാം വകുപ്പിന്റെ ഭേദഗതി) കൈവശമുള്ള ഓഹരികളുടെ വർദ്ധിച്ച മൂല്യം അടക്കുന്നത് വരെ ഒരംഗമെന്ന നിലയിൽ അംഗത്തിനുള്ള അവകാശം വിനിയോഗിക്കരുതെന്ന വ്യവസ്ഥയിൽ ഏതെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

9) ബില്ലിലെ 22–ാം ഖണ്ഡത്തിലെ (പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 32 എ) ***കമ്മിറ്റിയുടെ സസ്പെൻഷൻ*** സംബന്ധിച്ച വ്യവസ്ഥയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതയോ ആവശ്യമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

10) ബില്ലിലെ 24–ാം ഖണ്ഡത്തിലെ (പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 34 എ) ***അക്കൗണ്ടുകൾ സൂക്ഷിക്കലും പൊതു സോഫ്റ്റ്‌വെയർ സ്വീകരിക്കലും*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

11) ബില്ലിലെ 27–ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിലെ 56 എ വകുപ്പിന്റെ ഭേദഗതി) ***ബാങ്കിംഗ് ഇതര ആസ്തികൾ കൈയൊഴിക്കൽ*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ

നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

12) ബില്ലിലെ 30-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പുകൾ 59 എ, 59 ബി) ***സ്വത്തുക്കളുടെ മൂല്യനിർണ്ണയം, സംഘങ്ങൾ സ്ഥാവര ജംഗമ വസ്തുക്കൾ വാങ്ങുന്നത്*** എന്നിവ സംബന്ധിച്ച വ്യവസ്ഥകളിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

13) ബില്ലിലെ 32-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിലെ 64-ാം വകുപ്പിന്റെ ഭേദഗതി) ***ആഡിറ്റിന്റെ പരിധിയും സഹകരണ ആഡിറ്റ് ഡയറക്ടറുടെ അധികാരങ്ങളും ആഡിറ്റിനുള്ള നടപടിക്രമവും*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

14) ബില്ലിലെ 33-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിലെ 65-ാം വകുപ്പിന്റെ ഭേദഗതി) ***രജിസ്ട്രാർ നടത്തുന്ന അന്വേഷണ വിചാരണ*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

15) ബില്ലിലെ 34-ാം ഖണ്ഡത്തിൽ (പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 65 എ) ***സംസ്ഥാന സർക്കാരിനാലുള്ള അന്വേഷണം***

സംബന്ധിച്ച വ്യവസ്ഥയിന്മേൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടി ചേർക്കലുകളോ വ്യക്തതയോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

16) ബില്ലിലെ 35, 36, 37, 38 എന്നീ ഖണ്ഡങ്ങളിലെ(പ്രധാന ആക്ടിലെ 66, 66 എ, 66 സി എന്നീ വകുപ്പുകളുടെ ഭേദഗതി) ***മേൽനോട്ടവും പരിശോധനയും, നിർദ്ദേശങ്ങൾ നൽകുവാനുള്ള രജിസ്ട്രാറുടെ അധികാരങ്ങൾ, ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ, രജിസ്ട്രാർക്ക് റിട്ടേണുകൾ സമർപ്പിക്കൽ*** എന്നിവ സംബന്ധിച്ച വ്യവസ്ഥകളിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

17) ബില്ലിലെ 44–ാം ഖണ്ഡത്തിൽ (പ്രധാന ആക്ടിലെ 70 എ വകുപ്പിന്റെ ഭേദഗതി) ***സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രിസൈഡിംഗ് ഓഫീസറെ നിയമിക്കുന്നത്*** സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

18) ബില്ലിലെ 52–ാം ഖണ്ഡത്തിലെ (പ്രധാന ആക്ടിലെ 88 ബി–ലെ വകുപ്പിന്റെ ഭേദഗതി) സംസ്ഥാനത്തെ സഹകരണ യൂണിയൻ രൂപീകരിക്കാൻ കഴിയാതിരിക്കുമ്പോൾ ആഫീസർമാരുടെ അല്ലെങ്കിൽ കമ്മിറ്റിയുടെ നിയമനവുമായി ബന്ധപ്പെട്ട വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടി ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

19) ബില്ലിലെ 56-ാം ഖണ്ഡത്തിലെ (പ്രധാന ആക്റ്റിലെ 94-ാം വകുപ്പിന്റെ ഭേദഗതി) കുറ്റങ്ങളുമായി ബന്ധപ്പെട്ട് നൽകുന്ന പിഴശിക്ഷ സംബന്ധിച്ച വ്യവസ്ഥയിന്മേൽ നടത്താനുദ്ദേശിക്കുന്ന ഭേദഗതിയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ വ്യക്തതകളോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

20) ഈ ചോദ്യാവലിയിൽ പരാമർശിക്കാത്ത മറ്റ് ഖണ്ഡങ്ങളിൽ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരമാവധി ചുരുക്കി സമർപ്പിക്കുക.

2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണോ? ബിൽ, ചോദ്യാവലി എന്നിവ www.niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വിഷയം സംബന്ധിച്ച് താങ്കളുടെ അഭിപ്രായങ്ങൾ നേരിട്ടോ അണ്ടർ സെക്രട്ടറി, (0471-2512020) നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടറിയറ്റ്, തിരുവനന്തപുരം - 33 എന്ന മേൽവിലാസത്തിൽ തപാലിലോ email id : legislation.kla@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ലഭ്യമാക്കണമെന്ന് താൽപര്യപ്പെടുന്നു.

എ. എം. ബഷീർ,
സെക്രട്ടറി,
കേരള നിയമസഭ.